# മീനാക്ഷിവിലാസം ഗവ. വൊക്കേഷണൽ

# &

# ഹയർ സെക്കന്ററി സ്കൂൾ ,പേരൂർ, കൊല്ലം

# നിലാവ് 2018 - 19



# OUR HEADMISTRESS



## Smt. SINDHU KUMARI B

# PTA PRESIDENT



# Sri. Noushar

# Editorial

2018-19 അധ്യയനവർഷം ഇത്തരത്തിൽ ആദ്യമായി ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിന്റെ ചീഫ് എഡിറ്റർ ആയി നിയമിച്ചതിലുള്ള അതിയായ സന്തോഷം രേഖപ്പെടുത്തുന്നു. ഇതിന്റെ ചിട്ടയായ ക്രമീകരണത്തിനായി പിന്നണിയിൽ അഹോരാത്രം പ്രയത്നിച്ച ശ്രീ.വിക്രമൻ പിള്ള സാറിനും ശ്രീമതി. ചിത്രടീച്ചറിനും പ്രത്യേകം നന്ദി അറിയിക്കുന്നു. കൂടാതെ ഇതിന്റെ ഒരോ പേജും അർത്ഥവത്താക്കുന്ന തരത്തിൽ ലേഖനങ്ങളും കഥകളും കവിതകളും രേഖചിത്രങ്ങളും ഒക്കെ തന്ന് സഹായിച്ച ഒരോ വിദ്യാർത്ഥിക്കും ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. സ്കൂളന്റെ എല്ലാ കാര്യങ്ങളിലും എന്നപോലെ ഈ ഡിജിറ്റൽ മാഗസിന്റെയും നിർമ്മാണത്തിൽ സജീവമായി പങ്കെടുക്കുന്ന പി റ്റി എ ഭാരവാഹികൾ, അധ്യാപകർ, അനധ്യാപകർ എന്നിവരെ ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു. ഒപ്പം ഇതിന്റെ എല്ലാ വായനാക്കാർക്കും എല്ലാവിധ ആശംസകളും നേർന്നുകൊണ്ട് എഡിറ്റോറിയൽ ബോഡിനുവേണ്ടി

പ്രഥമാധ്യാപിക

ശ്രീമതി. സിന്ധുകുമാരി ബി.

# EDITORIAL BOARD

| | | |
|---|---|---|
| 1. ചീഫ് എഡിറ്റർ | : | ശ്രീമതി. സിന്ധുകുമാരി ബി |
| 2. സ്റ്റാഫ് എഡിറ്റർ | : | ശ്രീ. വിക്രമൻ പിള്ള ആർ |
| | | (KITE Master) |
| | | ശ്രീമതി.ചിത്ര ജി |
| | | (KITE Mistress) |
| 3. സ്റ്റഡന്റ് എഡിറ്റർ | : | കുമാരി. ഫാത്തിമ ആർ |
| | | കുമാരി. ഫാത്തിമ എസ് |
| | | കുമാരി. നന്ദന എൽ എസ് |
| | | കുമാരി. ഷെർന എസ് |
| | | മാസ്റ്റർ. മുഹമ്മദ് ധർവേഷ് |
| സൂഷ്മപരിശോധന | : | ശ്രീമതി. ബെല്ലാമേരി |
| | | ശ്രീമതി. ശ്രീലത |
| | | ശ്രീമതി. ചിത്ര ജി |
| | | ശ്രീ. വിക്രമൻ പിള്ള ആർ |

| | | |
|---|---|---|
| ടൈപ്പിംഗ് | : | കുമാരി. ഫാത്തിമ എസ് |
| | | കുമാരി. ഫാത്തിമ ആർ |
| | | മാസ്റ്റർ. മുഹമ്മദ് ധർവേഷ് |
| | | കുമാരി. ഷെർന |
| | | മാസ്റ്റർ സൂര്യമൂർത്തി |
| കവർ പേജ് | : | ശ്രീ. വിക്രമൻ പിള്ള ആർ |

# മീനാക്ഷിവിലാസം വിലാസം ഗവ. ഹൈസ്കൂൾ, അധ്യാപകരും അനധ്യാപകരും

1 . ശ്രീമതി. ശ്രീദേവി (എച്ച് എസ് എ ,കണക്ക്)

2. ശ്രീമതി. ശ്രീലത (എച്ച് എസ് എ ,ഹിന്ദി)

3. ശ്രീമതി.ബിന്ദുമോൾ വി ആർ (എച്ച് എസ് എ ,ബയോളജി)

4. ശ്രീമതി.ചിത്ര ജി (എച്ച് എസ് എ ,ഇംഗ്ലീഷ്)

5. ശ്രീമതി.സുനിത എസ് (എച്ച് എസ് എ ,ഇംഗ്ലീഷ്)

6. ശ്രീമതി. ക്രൗളിൻ ജെ (എച്ച് എസ് എ ,മലയാളം)

7. ശ്രീമതി. ബെല്ലാമേരി എസ് (എച്ച് എസ് എ ,മലയാളം)

8. ശ്രീമതി. ഷംലാ (എച്ച് എസ് എ ,മലയാളം)

9. ശ്രീ. ജയപ്രകാശ് റ്റി ജെ (എച്ച് എസ് എ ,ഹിന്ദി)

10. ശ്രീമതി. ബീന്ദു. ഒ (എച്ച് എസ് എ ,സോഷ്യൽ സയൻസ്)

11. ശ്രീമതി. പ്രസന്നകുമാരി (എച്ച് എസ് എ ,സോഷ്യൽ സയൻസ്)

12. ശ്രീമതി.സിന്ധു എസ്സ് എസ്സ് (എച്ച് എസ് എ ,കണക്ക്)

13. ശ്രീമതി.സിനി എ (എച്ച് എസ് എ ,ഫിസിക്കൽ സയൻസ്)

14. ശ്രീമതി. നാജിയ ബി എസ് (എച്ച് എസ് എ ,ഫിസിക്കൽ സയൻസ്)

15. ശ്രീ. വിക്രമൻ പിള്ള ആർ (എച്ച് എസ് എ ,ബയോളജി)

16. ശ്രീ. സുരേന്ദ്രൻ എസ് (എച്ച് എസ് എ ,മ്യൂസിക്ക്)

17. ശ്രീമതി.റംലാബീവി പി (എച്ച് എസ് എ ,ഫസികൽ എഡ്യുക്കേഷൻ)

16. ശ്രീമതി. ലളിതാ ബായി എസ് (യു പി എസ് എ)

17. ശ്രീമതി.ലീലാമണി എസ് (യു പി എസ് എ)

18. ശ്രീമതി.സീനത്ത് ബീവി (യു പി എസ് എ)

19. ജോസ് വർഗ്ഗീസ് (യു പി എസ് എ)

20. ശ്രീമതി.ജസിയാ ബീഗം (യു പി എസ് എ)

21. ശ്രീമതി.കൃഷ്ണകുമാരി വി കെ (യു പി എസ് എ)

22. ശ്രീമതി.ജോസ്ലിൻ എൻ (യു പി എസ് എ)

23. ശ്രീമതി. സാലി ജോൺ (യു പി എസ് എ)

24. ശ്രീമതി. ബിനുകുമാരി (യു പി എസ് എ)

25. ശ്രീമതി. സജിത എൽ (യു പി എസ് എ)

26. ശ്രീമതി.സീമിയ ജാസ്മിൻ (യു പി എസ് എ)

27. ശ്രീമതി.ശ്രീജ എം (യു പി എസ് എ)

28. ശ്രീമതി.ബിനു ആർ (യു പി എസ് എ)

## <u>അനധ്യാപകർ</u>

1. ശ്രീ. താഹ (യു ഡി ക്ലർക്ക്)

2. ശ്രീ. ഉമാശങ്കർ (ഓഫീസ് അറ്റന്റന്റ്)

3. ശ്രീമതി. ശ്രീലേഖ (ഓഫീസ് അറ്റന്റന്റ്)

4. ശ്രീമതി.ഗിനിത കുമാരി (എഫ് റ്റി എം)

5. ശ്രീ. കൊച്ചുകോശി (എഫ് റ്റി എം)

# annual report 2018-19

പേരൂർ കരുനല്ലൂർ ഭഗവതി ക്ഷേത്രത്തിന് തെക്ക് ഏലായുടെ കിഴക്കേക്കരയിൽ സ്ഥിതിചെയ്തിരുന്ന കല്ലുവിള പ്രൈവറ്റ് സ്കൂൾ 1944 ൽ വൈ. എം. വി. എ വായനശാലയിലും തുടർന്ന് ഇവിടേയ്ക്കും മാറ്റിസ്ഥാപിച്ചു. അന്ന് സ്കൂളിന്റെ മാനേജരും എച്ച് എം ഉം ആയിരുന്നത് കുഞ്ഞൻപിള്ള ആയിരുന്നു. തുടർന്ന് കാവറവടക്കതിൽ ആർ ദാമോദരൻ പിള്ള ഇത് വിലയ്ക്ക് വാങ്ങി. അദ്ദേഹം ഇവിടെ ആക്ടിംഗ് അസിസ്റ്റൻറായി ജോലി ചെയ്തു. തുടർന്ന് അദ്ധ്യാപകനായി ജോലി ചെയ്തു. സ്വന്തം വീട്ടുപുരയിടത്തിൽ സ്കൂൾ ഷെഡ്ഡു കെട്ടാനും അതിനാവശ്യമായ തുക സംഭാവന നൽകാനും തയ്യാറായത് കല്ലുവിള പുത്തൻ വീട്ടിൽ കെ .നാരായണപിള്ളയാണ്. തുടർന്ന് ഈ സ്കൂൾമീനാക്ഷിവിലാസം ക്ഷേത്രത്തിന് തെക്കുവശത്തുള്ള ആർ ദാമോദരൻ പിള്ള സാറിൻറെ കുടുംബവക പുരയിടത്തിനു സമീപം ഉള്ള പറമ്പിലേക്കു മാറ്റി സ്ഥാപിച്ചു. ഈ സ്കൂളിന് മീനാക്ഷിദേവിയുടെ പേരിടുകയും പേരുമാറ്റരുതെന്ന നിബന്ധനയോടുകൂടി 1947 ൽ സർക്കാരിന് സറണ്ടർ ചെയ്യുകയും ചെയ്തു. 1966 ൽ ഹൈസ്കൂളായി ഉയർത്തി. 1974 ജൂണിൽ ഇത് എം.വി.ജി.എൽ. പി എസ്. എന്നും എം.വി.ജി.എച്ച്.എസ് എന്നും രണ്ടായി പ്രവർത്തിച്ചു തുടങ്ങി. 1993 ൽ എം വി ജി എച്ച്. എസ് .ൽ വൊക്കേഷണൽ ഹയർസെക്കണ്ടറി കോഴ്സ് അനുവദിക്കുകയും വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളായി മാറുകയും ചെയ്തു. 2000 ഒക്ടോബർ മാസത്തിൽ ഹയർസെക്കണ്ടറി സ്കൂളായി. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനു മുമ്പ് ആരംഭിച്ച ഈ സ്കൂളിൽ പേരൂർ, കൊറ്റംകര, പുന്തലത്താഴം, കിളികൊല്ലൂർ തുടങ്ങിയ പ്രദേശങ്ങളിലെ സാധാരണക്കാരുടെ കുട്ടികളാണ് പഠിക്കുന്നത്.

ജൂൺ ഒന്നാം തിയതിയിൽ പ്രവേശനോത്സവത്തോടെ ഈ അദ്ധ്യയനവർഷം ആരംഭിച്ചു. എല്ലാ ക്ലാസ് മുറികളിലും ഹൈടെക് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയുണ്ടായി. സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സ്കൂൾ ആരംഭം മുതൽ തന്നെ തുടങ്ങിയിരുന്നു. കുട്ടികളെ വിവിധ കലാകായിക പ്രവർത്തനങ്ങളിലും ശാസ്ത്രമേളകളിലും പങ്കെടുപ്പിക്കുന്നതിനുള്ള

പ്രവർത്തനങ്ങൾ ആദ്യം മുതൽ തന്നെ ആരംഭിച്ചു. ഒമ്പതാം ക്ലാസ് വിദ്യാർത്ഥി സൂര്യ മൂർത്തിയെ ബാലശാസ്ത്ര കോൺഗ്രസിൽ പങ്കെടുപ്പിക്കാൻ കഴിഞ്ഞു. വഞ്ചിപാട്ടിൽ ജില്ലാ തലം വരെ മത്സരിക്കാൻ കഴിഞ്ഞു .ഹരികൃഷ്ണൻ എന്ന കുട്ടിയെ സംസ്ഥാനതല ഭരതനാട്യം മത്സരത്തിൽ പങ്കെടുക്കാൻ സാധിച്ചു എന്നതും അഭിമാനാർഹമാണ് . പ്രളയ കെടുതിയെ തുടർന്ന് ഒന്നാം പാദവാർഷിക പരീക്ഷ ഇല്ലായിരുന്നു. ഈ അദ്ധ്യയനവർഷം എടുത്തുപറയേണ്ട ഒരു കാര്യം പുതിയ ഹൈടെക്ക് മന്ദിരത്തിന്റെ ശിലാസ്ഥാപനം ആയിരുന്നു .ബഹുമാനപ്പെട്ട ഹാർബർ ഫിഷറീസ് വകുപ്പ് മന്ത്രി ശ്രീമതി മേഴ്സി കുട്ടിഅമ്മ പ്രസ്തുത ചടങ്ങ് നിർവഹിക്കുകയുണ്ടായി. ക്രിസ്മസ് പരീക്ഷയിൽ പിന്നോക്കം നിന്ന കുട്ടികളെ മുൻനിരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2019 മാർച്ചിലെ എസ്എസ്എൽസി പരീക്ഷയിൽ 100% വിജയം കരസ്ഥമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങി കഴിഞ്ഞു. എല്ലാവിധ പുരോഗമനപരമായ പ്രവർത്തിനങ്ങൾക്കും താങ്ങും തണലുമായ പിടി എ അംഗങ്ങളെയും അധ്യാപകരെയും അനധ്യാപകരെയും ഞാൻ ഈ അവസരത്തിൽ എന്റെ നന്ദി അറിയിക്കുന്നു.

പ്രഥമാധ്യാപിക

ശ്രീമതി. സിന്ധുകുമാരി ബി.

# Index

## Table of Contents

കടങ്കഥ.....12
ക്വിസ്.....13
ഗുണപാഠം.....15
POEM.....19
ഗുണപാഠം.....19
ഒരു അറബികഥ.....21
कविता.....22
कविता.....23
कविता.....24
कविता.....25
कविता.....26
कविता.....27
कविता.....28
PENCIL DRAWING.....29
LITTLE KITEs CLUB MEMBERS.....32
SPC CAMP.....33
പ്രളയദുരിതാശ്വാസം - ഒരു കൈതാങ്ങ്.....36

# കടങ്കഥ

1. 1. മരത്തിൽ കുറുവടി ഓടിക്കളിക്കുന്നു

അണ്ണാൻ

2. അമ്മ പെറ്റതെല്ലാം കറുത്ത പട്ടാളം

കട്ടുറുമ്പ്

3. കണ്ടാൽ സുന്ദരി അറിഞ്ഞാൽ ഭയങ്കരി

ഉള്ളി

4. വായില്ല നാക്കുണ്ട് നാക്കിൽ പല്ലുണ്ട്

ചിരവ

5. പകൽ ഉറങ്ങും രാത്രി ഉണരും

മൂങ്ങ

6. അടിയിൽ വട്ടക്കിണ്ണം മേലെ പച്ചപ്പന്തൽ

ചേന

7. വാലുകൊണ്ട് കുട പിടിച്ചു

മയിൽ

സുൽത്താന. എസ്

5D








ഫാത്തിമഷഹാൽ 7D

1. മഹാത്മാഗാന്ധി എത്രതവണകേരളം സന്ദർശിച്ചിട്ടുണ്ട്?

   **5**

2. ഗാന്ധിജി ആദ്യമായികേരളത്തിൽ എവിടെയാണ് വന്നത്?

   കോഴിക്കോട്

3. ഗാന്ധിജിക്ക് വലിയ മതിപ്പ് തോന്നിയ കേരത്തിലെ സത്യാഗ്രഹം ഏതായിരുന്നു.?

   വൈക്കം സത്യാഗ്രഹം

4. ഗാന്ധിജി രണ്ടാമതായി കേരളത്തിൽ എപ്പോഴാണ് എത്തിയത്?

   **1925 മാർച്ച് 8**

5. കേരളത്തിൽ എത്തി ഗാന്ധി സംഭാഷണം നടത്തിയ

**യുഗപുരുഷനാര്?**

**ശ്രീനാരായണഗുരു**

**6. മഹാത്മാഗാന്ധി എപ്പോഴാണ് ശ്രീ നാരായണഗുരുവിനെ സന്ദർശിച്ചത്?**

**1925 മാർച്ച് 12**

**7. മഹാത്മാഗാന്ധി -ശ്രീനാരായണഗുരു സംഭാഷണം എവിടെ വച്ചാണ് നടന്നത്?**

**വർക്കലയിലെ ഗാന്ധി ആശ്രമത്തിൽ വച്ച്**

**8. ശ്രീനാരായണഗുരുവിനെ സന്ദർശിക്കുമ്പോൾ ഗാന്ധിയുടെ കൂടെ ആരാണ് ഉണ്ടായിരുന്നത് ?**

**സി രാജഗോപാലാചാരി**

**9. ഗാന്ധിജി - ശ്രീനാരായണഗുരു സംവാദത്തിന് ദ്വിഭാഷി ആരായിരുന്നു. ?**

**എൻ കുമാരനാശാൻ**

**10. "തുമാരാ ത്യാഗ് തുമാരാ ഭൂഷൺ ഹൈ" മലയാളിയായ ഒരു ബാലികയ്ക്ക് ഗാന്ധിജി എഴുതിനല്കിയ ഓട്ടോ ഗ്രാഫ് ആണിത് . ആരാണ് ആ ബാലിക?**

**വി കൗമുദി**



# ഗുണപാഠം



ആര്യ 8A

## മകനേ നാളേ നിനക്കും വരും വാർദ്ധക്യം

ഒരു അതിമനോഹരമായ ഗ്രാമം ഇടയ്ക്ക് ദാരിദ്ര്യവും കഷ്ടപ്പാടുകളും നിറഞ്ഞ കൊച്ചു കുടുംബം. ആ നാട്ടിലെ പ്രമാണികളാണ് അഞ്ചുവും കണ്ണനും. ഇവർ ഭാര്യയും ഭർത്താവുമാണ്. ധാരാളം സ്വത്തുക്കളും വീടും ഒക്കെയുള്ള അവർ സമ്പന്നരായിരുന്നു. നന്മയുള്ള മനസ്സ് . നാട്ടുകാർക്ക് ഏറെ പ്രിയപ്പെട്ടവരുമായിരുന്നു അവർ. എന്നാൽ സ്വത്തുക്കളും വീടും ഉണ്ടെങ്കിലും അവർക്ക് രണ്ടുപേർക്കും ഒരു നിർഭാഗ്യം ഉണ്ടായിരുന്നു. അവകാശിയായി അവർക്ക് ഒരു കുട്ടിയില്ല. ധാരാളം ആരാധനാലയങ്ങളിലും ഒക്കെ ഒരുപാട് നേർച്ചയും വഴിപാടുകളും ചെയ്തു. എന്നിട്ടും അതിലൊന്നും ഒരു ഫലവും കണ്ടില്ല. എന്നാൽ കുറച്ചുനാളുകൾക്ക് ശേഷം അഞ്ചുവും കണ്ണനും തീരുമാനിച്ചു, അവർക്ക് ഒരു കുട്ടിയെ ദത്തെടുക്കാം. അങ്ങനെ അവർ ഒരു ആൺകുട്ടിയെ തന്നെ ദത്തെടുത്തു. അടുത്ത തലമുറയുടെ സ്വത്ത് കാത്തുസൂക്ഷിക്കാനുള്ള ഒരു ആൺതരി. അവർ അവന് ഉണ്ണി എന്ന് വിളിച്ചു. അഞ്ചുവും കണ്ണനും ഉണ്ണിയെ ഒരുപാട് സ്നേഹിച്ച് വാത്സല്യത്തോടെ വളർത്തി. മികച്ച വിദ്യാഭ്യാസം നൽകി. അഞ്ചുവിന്റെയും കണ്ണന്റെയും ആഗ്രഹം ഉണ്ണിയെ ഒരു എൻജിനീയർ ആക്കണമെന്നായിരുന്നു. എന്നാൽ

**ഉണ്ണിക്ക് ഇഷ്ടം ഒരു പോലീസ് ഓഫീസർ ആകാൻ ആണ് ഒരുപാട് വർഷം കഴിഞ്ഞ് ഉണ്ണിയുടെ ഇഷ്ടംപോലെ ഉണ്ണി ഒരു പോലീസ് ഓഫീസർ ആകാനായിരുന്നു.**

**ഒരുപാട് വർഷം കഴിഞ്ഞു. ഉണ്ണിയുടെ ഇഷ്ടംപോലെ ഉണ്ണി ഒരു പോലീസ് ഓഫീസറായി. ഉണ്ണിയ്ക്ക് ഇഷ്ടപ്പെട്ട ഒരു പെൺകുട്ടിയെ വിവാഹം കഴിച്ചു. അഞ്ചു കണ്ണനും പ്രായം ഒരുപാട് കൂടി. തന്റെ മരുമകളെ അഞ്ചു സ്വന്തം മകളെപ്പോലെ സ്നേഹിച്ചെങ്കിലും മരുമകൾ പ്രതികരിച്ചത് മറ്റൊരു സ്വഭാവത്തിലായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം കണ്ണനുവേണ്ടി അഞ്ചു കാപ്പി കൊണ്ടുവന്നു. കാപ്പി കൊണ്ടുവന്നത് കണ്ണൻ വാങ്ങിച്ചു. എന്നാൽ വിറയ്ക്കുന്ന കൈകളിൽ നിന്നും ചായഗ്ലാസ് താഴേക്ക് വീണു. ഇത് അന്നത്തെ ദിവസം അഞ്ചുവിനെ മരുമകൾ ഒരുപാട് വേദനിപ്പിച്ചു. ഇതെല്ലാം കേട്ട ഉണ്ണിയും തന്റെ മാതാപിതാക്കളെ ഒറ്റപ്പെടുത്താൻ തുടങ്ങി. എല്ലാം സഹിച്ച് വീർപ്പുമുട്ടി അവർ ജീവിച്ചു. അന്നുമുതൽ ആ വീട്ടിൽ അവർക്ക് സ്ഥാനമില്ലായിരുന്നു. ആ വീട്ടിലെ ഭരണം ഉണ്ണിയുടെ ഭാര്യയായിരുന്നു.**

**ഒരുപാട് ദിവസങ്ങൾക്കുശേഷം ഉണ്ണിയുടെ വീട്ടിലേക്ക് തന്റെ കൂട്ടുകാരും ഒക്കെ വന്നു. എന്നാൽ ഉണ്ണിക്ക് തന്റെ കൂട്ടുകാരുടെ മുന്നിൽ തന്റെ മാതാപിതാക്കളെ കാണിക്കാൻ അപമാനമായിരുന്നു. അവൻ അവരോടു പറഞ്ഞു " എന്റെ കൂട്ടുകാർ പോകുന്നതുവരെ ഈ മുറിയിൽ നിന്ന് പുറത്തിറങ്ങുകയോ ശബ്ദമുണ്ടാക്കുകയോ ചെയ്യരുത്." എന്നാൽ കൂട്ടുകാർ വന്ന് അൽപസമയത്തിനുശേഷം കണ്ണൻ ഒന്ന് ചുമച്ചു. അതുകേട്ട് അവൻറെ കൂട്ടുകാർ ചോദിച്ചു "ആരാ അത് " ഉണ്ണി പറഞ്ഞു "അത് ഇവിടെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന രണ്ടു വൃദ്ധരാ, ഇവിടെ ജോലിക്ക് നിൽക്കുന്നതാ"**

**അഞ്ജുവിന്റെയും കണ്ണന്റെയും കണ്ണുകൾ കവിഞ്ഞൊഴുകാൻ തുടങ്ങി. പിന്നെയവർ അവിടെ നിന്നില്ല ഒരു കത്തും എഴുതി തന്റെ സ്വത്തുക്കൾ ഉണ്ണിയുടെ പേരിലാക്കി ആരുംകാണാതെ അന്നുരാത്രി അവർ പിടയുന്ന പ്രാണനുമായി പടിയിറങ്ങി. പിറ്റേദിവസം രാവിലെ കുളത്തിൽ രണ്ടു ശവങ്ങൾ പൊങ്ങി. അത് അഞ്ജും കണ്ണനുമായിരുന്നു. ആളുകൾ കൂടി പോലീസ് വന്നു. ഉണ്ണിയും അത് കണ്ടു. അപ്പോഴാ അവൻ കാണാത്ത ഒരു കാഴ്ച കാണുന്നത്. ഉണ്ണിയുടെ ഒന്നാം വയസ്സിലെ ഫോട്ടോ, മകനേയും മാറോട് ചേർത്ത് ആ പിതാവ് വിടവാങ്ങിയത്.**

**സ്വന്തം മാതാപിതാക്കൾക്ക് സന്തോഷവും**

**സംരക്ഷണം കൊടുക്കാൻ നമ്മളോരോരുത്തരും**

**ബാദ്ധ്യസ്ഥരാണ് എന്ന സത്യം മറക്കാതിരിക്കുക**



# POEM



## My mother

Oh ! my mother, Oh !my mother

My pretty mother

My lovely mother

I like her so much

Her eyes looking like stars

My cute mother

She is looking like a flower

My princy mother

My mother love me so much

Oh ! my mother Oh ! My mother

My pretty mother

Amina S

V B

\

# ഗുണപാഠം

## കർമ്മവും കർമ്മഫലവും



ഒരു കർഷകനും മകനും ഒരു യാത്രയ്ക്ക് പോകുകയായിരുന്നു. . വഴിക്ക് ഒരു ചെറിയ തോട്ട കടന്നുവേണം പോകേണ്ടത്. മകൻ മുന്നിലും അച്ഛൻ പിന്നിലും ആണ് നടന്നത്. മറുകര എത്തിയിട്ടും അച്ഛനെ കാണാതെ മകൻ തിരിഞ്ഞുനോക്കി. അപ്പോൾ അയാൾ തോട്ടിൽ വീണ് രക്ഷപ്പെടാൻ കഴിയാതെ വലയുന്ന തേളിനെ നോക്കി നിൽക്കുകയായിരുന്നു. ആ പാവത്തിനെ രക്ഷിക്കണമെന്ന് കർഷകനും തോന്നി. അയാൾ കരുണാപൂർവ്വം അതിനെ കൈകൊണ്ട് കോരിയെടുത്തു. വെള്ളത്തിൽ നിന്നു രക്ഷപ്പെട്ട ഉടനെ ആ തേൾ കർഷകന്റെ കൈവെള്ളയിൽ കുത്തി. കടുത്ത വേദനയോടെ അയാൾ വിഷമിക്കുന്നത്കണ്ടപ്പോൾ മകൻ ചോദിച്ചു. "തേൾ കുത്തുമെന്ന് അച്ഛന് അറിയില്ലേ, പിന്നെന്തിനാണ് അതിനെ രക്ഷിക്കാൻ പോയത്" വേദന സഹിക്കാൻ വയ്യ എങ്കിലും കർഷകൻ ചിരിച്ചു കൊണ്ട് ഇപ്രകാരം പറഞ്ഞു "എന്റ കർമ്മം ഞാൻ ചെയ്തു കർമ്മം ചെയ്യുക എന്നതാണ് പ്രധാനം കർമ്മഫലം എന്താവുമെന്ന് നോക്കരുത്" ഒരു ജീവിയെ മരണത്തിൽ രക്ഷിക്കാൻ സാധിച്ച സന്തോഷത്തിൽ അയാൾ വേദനമറന്ന് നടന്നുനീങ്ങി.

സുൽത്താന എസ് **5 D**

# ഒരു അറബികഥ



സൗദിയിലെ ഈന്തപ്പഴം കടക്കാരനാണ് അലി. പണ്ടുകാലത്ത് മനുഷ്യർ എലികളെ ആണ് ഓമനിച്ചു വളർത്തുന്നത്. പൂച്ചകളുടെ സ്ഥാനം പുറത്തായിരുന്നു. പൂച്ചയുടെ മനസ്സിൽ അസൂയ ജനിച്ചു. എങ്ങനെയും എലിയെ പുറത്താക്കി പൂച്ചകൾക്ക് അധികാരം സ്ഥാപിക്കണം എന്ന ചിന്ത പൂച്ചയുടെ മനസ്സിലുദിച്ചു. എലിയെ പുറത്താക്കാൻ വേണ്ടി പൂച്ച എലിയുമായി ചങ്ങാത്തം സ്ഥാപിച്ചു. ഒരിക്കൽ പൂച്ച എലിയോട് പറഞ്ഞു "ചങ്ങാതി യജമാനൻ കൊണ്ടു വച്ചിരിക്കുന്ന ഈന്തപ്പഴത്തിൽ നിന്നും ഒന്നെടുത്തു തിന്നു നോക്കിക്കൂടെ നല്ല സ്വാദായിരിക്കും". എലിപറഞ്ഞു "എനിക്ക് രുചിച്ചു നോക്കാൻ ആവില്ല. കച്ചവടത്തിനായി എടുത്തു വച്ചിരിക്കുന്നതാണ് അവയെല്ലാം" എന്നാലും പൂച്ചയുടെ നിർബന്ധത്തിന് വഴങ്ങി ഒന്നെടുത്തു തിന്നു നോക്കി. ഈന്തപഴത്തിലെ രുചിയിൽ ലയിച്ച് എലി എല്ലാം മറന്നു തിന്നുകൊണ്ടിരുന്നു. അവസാനം ഈന്തപ്പഴം തീർന്നു. ഈന്തപഴത്തിലെ കുരു മാത്രം അവശേഷിച്ചു എലി പൂച്ചയോട് അപേക്ഷിച്ചു സുഹൃത്തേ എനിക്ക് യജമാനന്റെ കോപത്തിൽ നിന്നു രക്ഷപ്പെടാൻ ഒരു വഴി പറഞ്ഞു തരൂ. പൂച്ച പറഞ്ഞു നീ ഒരു കുഴി കുഴിക്ക് ഈന്തപ്പഴത്തിന്റെ കുരു കുഴിച്ചുമൂടുക. യജമാനൻ കണ്ടുപിടിക്കില്ല. എലി കുഴി കുഴിച്ചു കുരു കുഴിച്ചുമൂടി. ആ സമയം യജമാനൻ ജോലി തീർന്നു വരുന്ന സമയമായിരുന്നു. ഉടൻ പൂച്ച ഒരു കല്ലുകൊണ്ട് കുഴി മൂടി. കുഴിയിൽ എലിയും അകപ്പെട്ടു. യജമാനനെ കണ്ടതും പൂച്ച അങ്ങനെ പറഞ്ഞു, "യജമാനനെ അങ്ങ് ഇത്രയും നാളും ഓമനിച്ചുവളർത്തിയ അങ്ങയുടെ എലി അങ്ങയെ വഞ്ചിച്ചു, അങ്ങയുടെ കച്ചവടത്തിനുവേണ്ടി സൂക്ഷിച്ച് ഈന്തപ്പഴം എലി തീർത്തു." " ആ വഞ്ചകൻ ഇങ്ങു വരട്ടെ, കൊന്നുകളയും ഞാൻ" അങ്ങനെ അന്നുമുതലാണ് മനുഷ്യർ പൂച്ചകളെ വളർത്താൻ തുടങ്ങിയത്. എലികൾ ഇന്നും വെളിയിൽ വരാൻ ഭയക്കുന്നതും പൂച്ചകൾ കാരണമാണ് .

**ഫിദ ഷിഹാബ് 5 D**

# कविता



## प्यार का प्रतीक

प्रिंस. पी

पा लिए फूल दिल में स्थान
खुशबू से और रंगों से ।
बन गए वे प्रतीक प्यार का
लाखों करोडों मानव मन में ।

किस्म हैं कितने इसके
रंग-गंध भी तो अनोखे ।
मन बहलाता फूल सदा
प्रकृति की सृष्टि है खूबसूरत ।

कविता

# बेवकूफ पक्षी



एक था पक्षी,
उडता था खूब ऊँचाई पर नीले आसमान में,
खाना भी मिलता था वहीं से ।
कृष्णनुण्णी. टी
फँस गया एक बार चंगुल में गाडीवाले के,
खाता रहा दीमकें उनसे लेकर,
तोड तोडकर देता रहा अपने पँख ।
खो गये जब सारे पंख
गो गया वह बडा कमज़ोर ।
आ गया ज़मीन पर और
चुन चुनकर इकट्ठा करने लगा दीमकें ।
इंतज़ार करता रहा गाडीवाले का
वापस लेने पंखों को देकर दीमकें ।
तिरस्कार किया गाडीवाले ने जब
सकपकाकर रह गया वह ।
आ गयी काली बिल्ली
और हो गया खाना उसका ।
हम हैं वह पक्षी जो खोकर अस्तित्व अपना
फँस जाते हैं चंगुल में सौदागरों की ।
कभी न बनना शिकार किसी का
यही सयानी काम हमारा



# कविता

## बारिश के साथ

अभिजित. ए

बारिश के आने से पहले ही
सोये पडे थे बीज हज़ारों ।
बारिश के मौसम के साथ
जाता है पानी गहराई तक ।

ले आता है बाहर उनको,
पालन पोषण भी करता है ।
बढ़ाता है उनको पेड बडे ,
बनाता है प्रकृति को सुंदर ।

बारिश, पानी, पेडों की यह रिश्ता
है आधार जग जीवन का ।
भूल न जाएँ इन सबको हम
रक्षक गण हैं वे हम सबके ।

## कविता



# गर्मी

इर्षाद. एस

पतझड से उगल रहा है धूप बडी,
कर दिया नवे पेडों को बेपत्ती ।
न पत्तियाँ , न पानी,
हो गया जंगल सुनसान ।

तपते सूरज ने सुखा दिया
हज़ारो हज़ारों अकुरों को ।
ललच रहे हैं सारे प्राणी
पानी है न जीवामृत सबके ।

## कविता



# प्यार का बंधन

सेय्दली. एम

बडे सबेरे उठती है ,
सारा काम खुद करती है ,
घर का ऐश्वर्य बनी रही,
यही है मेरी प्यारी माँ ।

कितना प्यार वह देती है,
सागर-सा ही गहरा है ।
कितना त्याग वह करती है,
खुश बनाने बच्चों को ।

चारों ओर अशांति है,
माँ से ही मिलती है शांति ।
प्यार से बाँधा यह रिश्ता,
टूट न जाए, बनी रहे ।

# कविता



## बचपन

जौहरा. एस

कितना प्यारा था बचपन मेरा
इतना सारा प्यार तो मिलता ।
माँ की प्यारी, पापा की दुलारी
सबसे सुंदर दशा जीवन का ।

कितने सारे खेल हम खेलते ,
प्यारे प्यारे दोस्तों के साथ।
जीवन का सुंदर सबेरा बचपन
लौट न आता वापस कभी भी ।




# फूल

मुहसिना. एस


रंग-बिरंगे फूलों को देखो,
कितने सुंदर, कितने प्यारे ।
गंध तो उनके कितने न्यारे,
सबके मन बहलाते हैं ।

मधु पिलाते भ्रमरों को,
खुशी दिलाते इनसानों को।
वही सिखाते परोपकार,
सफल बने हैं जीवन उनके ।

# PENCIL DRAWING




**MUHAMMED DARVESH IX B**



**JASNA V B**


SANDRA SUDARSHAN
VI:C

# LITTLE KITEs CLUB MEMBERS



# SPC CAMP


MVGVHSS PEROOR
SPC UNIT
Xmas Camp
22.23.24
HEALTH &
HYGIENE
വിലാസം ഗവ. വൊക്കേഷണൽ &
സ്കൂൾ പേരൂർ, കൊല്ലം-5
പോലീസ് കേഡറ്റ്
24.12.2018
acer



# പ്രളയദുരിതാശ്വാസം - ഒരു കൈതാങ്ങ്



എപ്പോഴും തനതായും മറ്റു ഉള്ളവരിൽ നിന്നും വ്യത്യസ്തമായും ചിന്തിക്കുക.
എങ്കിൽ മാത്രമേ പുതിയ പര്യവേക്ഷണങ്ങളും കണ്ടുപിടുത്തങ്ങളും നടത്താനും
നിങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും ജീവിതത്തിൽ വിജയിക്കാനും നിങ്ങൾക്കാകൂ.
ഇത് മാത്രമാണ് യുവാക്കളുള്ള എന്റെ സന്ദേശം.

എ പി ജെ അബ്ദുൾ കലാം.

# സവിനയം സമർപ്പിക്കുന്നു.